**2. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ആദായ നികുതിയിളവ്**

ശ്രീ. എം. എം. മോനായി : സർ, കേന്ദ്ര സർക്കാർ അവതരിപ്പിച്ചിട്ടുള്ള പ്രത്യക്ഷനികുതി ബിൽ കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ ദോഷകരമായി ബാധിക്കുന്ന ഗുരുതരമായ ഒരു സ്ഥിതി വിശേഷത്തിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള പ്രത്യക്ഷ നികുതി ബിൽ (ഡയറക്ട് ടാക്സ് കോഡ് ബിൽ 2010) സംസ്ഥാനത്തെ സഹകരണമേഖലയെ ദോഷകരമായി ബാധിക്കുന്നതാണ്. നിലവിലുള്ള ആദായനികുതി നിയമത്തിലെ 80 (പി) വകുപ്പനുസരിച്ച് പ്രാഥമിക സഹകരണസംഘങ്ങൾക്കും സഹകരണ ബാങ്കുകൾക്കും ആദായ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വർഷങ്ങളായി സഹകരണസംഘങ്ങൾക്ക് ലഭിച്ചിരുന്ന ആനുകൂല്യമാണ് പ്രത്യക്ഷനികുതി ബില്ലിലൂടെ ഇപ്പോൾ എടുത്തു കളഞ്ഞിരിക്കുന്നത്. ഇപ്പോൾ ഈ നിർദ്ദിഷ്ട ബില്ലിൽ 80(പി) വകുപ്പ് ഇല്ല. സഹകരണ സംഘങ്ങളുടെ ബിസിനസ്സിൽ നിന്നുള്ള എല്ലാവിധ വരുമാനത്തിനും മുമ്പ് നികുതിയിളവ് ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത്തരം ആദായ നികുതിയിളവ് ഇല്ലാതാവുകയും അടുത്തവർഷം മുതൽ കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് ആദായനികുതി നൽകേണ്ടിവരുമെന്ന് മാത്രമല്ല പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിന്റെയും ബാങ്കുകളുടെയും നിർവചനത്തിലും മാറ്റങ്ങൾ വരുത്തിയിരിക്കുകയാണ്. പ്രാഥമിക കാർഷിക സഹകരണ വായ്പാ സഹകരണ സംഘത്തിന്റെ നിർവചനത്തിൽ പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രധാന ലക്ഷ്യവും പ്രവർത്തനവും അതിലെ അംഗങ്ങൾക്ക് കാർഷിക ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായം ചെയ്യൽ മാത്രമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രവർത്തന പരിധി ഒരു താലൂക്കിൽ പരിമിതപ്പെടുത്തിയിരിക്കണമെന്നും അവരുടെ പ്രവർത്തനം കാർഷികാവശ്യങ്ങൾക്കും ഗ്രാമ വികസന ആവശ്യങ്ങൾക്കും ദീർഘകാല വായ്പ നൽകുന്നതായിരിക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നു. കൂടാതെ പ്രാഥമിക സഹരണ സംഘം എന്ന നിർവചനത്തിൽ അതിലെ അംഗങ്ങളുടെ വോട്ട് അവകാശം കാർഷികവും കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ ചെയ്യുന്ന അംഗങ്ങൾക്ക് മാത്രമായി നിയമാവലിയിൽ പരിമിതപ്പെടുത്തിയിട്ടുള്ള സംഘങ്ങൾ എന്നും നിഷ്കർഷിക്കുന്നു. ഈ നിർവചനത്തിന്റെ പുറത്തുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് സംഘങ്ങൾക്ക് നികുതി നൽകേണ്ടിവരുന്നതാണ്. അംഗങ്ങൾക്ക് കാർഷിക ഉപകരണങ്ങൾ, വിത്ത്, വളർത്തുമൃഗങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള വായ്പകൾക്കും കാർഷിക ഉല്പാദനം, കന്നുകാലി പരിപാലനം, കോഴി വളർത്തൽ എന്നിവയ്ക്ക് നൽകിയിട്ടുള്ള വായ്പകൾക്കും മൽസ്യബന്ധനം, സംസ്കരണം, വിപണനം എന്നീ ആവശ്യങ്ങൾക്കുള്ള വായ്പകൾക്കും മാത്രമായി നികുതിയിളവ് പരിമിതപ്പെടുത്തിയിരിക്കുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന നിരവധി പ്രാഥമിക സഹകരണ ബാങ്കുകളെ ഈ നിയമത്തിന്റെ നിർവചനത്തിൽപ്പെടുത്തിയതിനാൽ അവരുടെ എല്ലാവിധ വരുമാനങ്ങൾക്കും ആദായനികുതി നൽകുന്ന ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ സംജാതമായിട്ടുള്ളത്. ഇന്ത്യയിലേയും കേരളത്തിലേയും സഹകരണ പ്രസ്ഥാനം ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ളവയാണ് ഗ്രാമീണ ജനതയുടെ സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യങ്ങളുടെ അഭയസ്ഥാനമാണ് സഹകരണ ബാങ്കുകൾ. പരിമിതമായ ലാഭത്തിലോ നഷ്ടത്തിലോ ആണ് ഭൂരിപക്ഷം സഹകരണ ബാങ്കുകളും പ്രവർത്തിക്കുന്നത്. അത്തരം സംഘങ്ങൾ ആദായനികുതികൂടി കൊടുക്കുവാൻ ഇടയായാൽ പ്രവർത്തനം തന്നെ ബുദ്ധിമുട്ടിലാകും. സാമൂഹ്യക്ഷേമത്തെ മുൻനിർത്തി ഒട്ടനവധി കാർഷികേതര ബാങ്കിംഗ് പ്രവർത്തനങ്ങളും കേരളത്തിന്റെ സഹകരണ സംഘങ്ങൾ ചെയ്തുവരുന്നുണ്ട്. നീതിമെഡിക്കൽ സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ, പച്ചക്കറി ചന്തകൾ എന്നിവ വിലനിലവാരം പിടിച്ചു നിർത്തുന്നതിനായി നടത്തിവരുന്നുണ്ട്. ഇതെല്ലാം സംഘത്തിന് നഷ്ടമാണെങ്കിലും ജനങ്ങളുടെ താല്പര്യം മുൻനിർത്തിയാണ് ഇതിലെല്ലാം ഏർപ്പെടുന്നത്. ഇത്തരം വരുമാനങ്ങൾക്കും ആദായനികുതി കണക്കാക്കിയാൽ സംഘങ്ങൾക്ക് ഭീമമായ നഷ്ടം വരികയും പ്രവർത്തനം തന്നെ മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാതെ വരികയും ചെയ്യുമെന്നതിനാൽ പ്രത്യക്ഷനികുതി ബില്ലിന്റെ പരിധിയിൽ നിന്നും കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്കുകളേയും മറ്റ് സഹകരണ സംഘങ്ങളേയും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, സഹകരണാംഗംകൂടിയായ ശ്രീ. എം. എം. മോനായി ഉന്നയിച്ചത് വളരെ ശരിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യക്ഷ നികുതി ബിൽ, 2010 (ഡയറക്ട് ടാക്സ് കോഡ് ബിൽ, 2010) സംസ്ഥാനത്ത് ഗുരുതരമായ പ്രതിസന്ധിയാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇതുപ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയും അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് ബാങ്കുകളെയും എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെയുംകൂടി ആദായനികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം പണ്ഡിറ്റ് ജവഹർലാൽ നെഹ്രു മുൻകൈയെടുത്തുകൊണ്ട് ആദായനികുതി നിയമത്തിലെ 80(പി)വകുപ്പ് പ്രകാരമുള്ള എല്ലാ നികുതിയിൽനിന്നും ഇന്ത്യയിലെ മുഴുവൻ സഹകരണസംഘങ്ങളേയും ബാങ്കുകളേയും ഒഴിവാക്കുകയുണ്ടായി. പക്ഷേ 2006 - 2007-ൽ ആഗോളവൽക്കരണം, ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം എന്നീ പദ്ധതികളുടെ വക്താവായ ശ്രീ. പി. ചിദംബരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും ഗ്രാമവികസന ബാങ്കുകൾക്കും ആദായനികുതി ഏർപ്പെടുത്തിക്കൊണ്ട് ഒരു ഭേദഗതി വരുത്തുകയുണ്ടായി. തുടർന്ന് ആദായനികുതി നൽകേണ്ടവരുടെ പട്ടികയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെയും പ്രാഥമിക കാർഷിക വികസന ബാങ്കുകളെയുംകൂടി ഉൾപ്പെടുത്തി. 2012 ഏപ്രിൽ തുടങ്ങുന്ന അസസ്സുമെന്റ് വർഷം മുതൽ പ്രസ്തുത സ്ഥാപനങ്ങൾ ആദായനികുതി കൊടുക്കേണ്ടതായിട്ടുണ്ട്. ലാഭമുള്ള എല്ലാ സംഘങ്ങളും കോ-ഓപ്പറേറ്റീവ് നിയമപ്രകാരം റിസർവ്വായി മാറ്റിവെയ്ക്കേണ്ട തുക കണക്കിലെടുക്കാതെ, ആദ്യ അസ്സസ്മെന്റിലെ പ്രാഥമിക ലാഭത്തിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുടെ ഒരു ചെലവും കണക്കിലെടുക്കാതെ, മൊത്തം വരുമാനത്തിന്റെ 30 ശതമാനം ആദായ നികുതിയിനത്തിൽ ഈടാക്കാനുള്ള വ്യവസ്ഥയാണ് ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആദായനികുതി കണക്കാക്കുന്നത് ലാഭനഷ്ട കണക്കിൽ കരുതൽ തുകയ്ക്ക് മുമ്പുള്ള തുകയ്ക്കാണെന്നാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതിന്റെ അർത്ഥം. സഹകരണ ബാങ്കുകളുടെ മരണമണി മുഴങ്ങുകയാണ്. ഇത് ഒരു രാഷ്ട്രീയ പ്രശ്നമല്ല, ഒരു വലിയ സഹകരണ പ്രശ്നമാണ്, സാമ്പത്തിക പ്രശ്നവുമാണ്. അതുപോലെ തന്നെ പ്രാഥമിക കാർഷിക സഹകരണ സംഘത്തിന്റെ നിർവചനത്തിൽ വോട്ടവകാശം കാർഷികവും അനുബന്ധ പ്രവൃത്തികളും ചെയ്യുന്നവർക്കുമാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. അതായത് കാർഷികേതരമായ വായ്പകൾക്കും അതുപോലെയുള്ള കാര്യങ്ങൾക്കും വായ്പ എടുക്കുന്നവർക്ക് അംഗത്വം കൊടുക്കാൻ പാടില്ല. അപ്പോൾ സംഘങ്ങളിലെ അംഗത്വം മൂന്നിലൊന്നായി ചുരുങ്ങും. അതായത് 3 കോടി 63 ലക്ഷം മെമ്പർമാർ ഒരു കോടി ചില്വാനമായിട്ട് ചുരുങ്ങും. അങ്ങനെ വരുമ്പോൾ സഹകരണ വായ്പാ മേഖലയിലെ പ്രതിസന്ധി ശ്രീ. എം. എം. മോനായി പറഞ്ഞതിനേക്കാൾ ഒരു പക്ഷേ രൂക്ഷമായിരിക്കും. ഇതിന്റെയെല്ലാം ഫലമായി ഈ കാര്യങ്ങളെല്ലാം വളരെ കാര്യമായി കേന്ദ്രഗവൺമെന്റ് മുമ്പാകെ നിരന്തരം ഉന്നയിച്ചിട്ടുണ്ട്. 20-9-2006 -ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽവന്ന് ഞാൻ മിനിസ്റ്ററായി മുന്നാമത്തെ മാസം അന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. പി. ചിദംബരത്തിന് നിവേദനം കൊടുത്തിട്ടുണ്ട്. പിന്നെ ഇപ്പോഴത്ത കേന്ദ്ര ധനകാര്യവകുപ്പുമന്ത്രിയായ ശ്രീ. പ്രണാബ്കുമാർ മുഖർജിക്ക് 19-9-2009 -ൽ എല്ലാ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ട് വീണ്ടും കത്ത് അയച്ചു. പക്ഷേ അനുകൂലമായ ഒരു നിലപാടും എടുത്തിട്ടില്ല. ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പ്രണാബ്കുമാർ മുഖർജി അനുകൂലമായി സംസാരിച്ചത് ശരിയാണ്, പക്ഷേ ഒന്നും ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്യാബിനറ്റ് തീരുമാനപ്രകാരം പ്രധാനമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും കത്ത് അയച്ചിട്ടും ഒരു ഗുണവുമുണ്ടായിട്ടില്ല. 25-11-2009 -ൽ ഞാനും സഹകരണ വകുപ്പു ഉദ്യോഗസ്ഥന്മാരും കോൺഗ്രസ്(ഐ)-യുടെ 5 എം. പി.മാരും സി.പി.ഐ (എം)-ന്റെ രണ്ട് എം.പി.-മാരും സംസ്ഥാന സഹകരണ യൂണിയൻ ചെയർമാനുമടക്കം ഞങ്ങളുടെ വലിയൊരു ഡെലിഗേഷൻ 25-11-2009 -ന് ഡൽഹിയിൽ പോയി. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി 45 മിനിട്ട് സമയം ചർച്ച നടത്തുകയും നിവേദനം നൽകുകയും അദ്ദേഹത്തിന് ബോദ്ധ്യമായിയെന്ന് പറയുകയുമുണ്ടായി. പക്ഷേ ആർ.ബി.ഐ. സമ്മതിക്കുന്നില്ലെന്നുപറഞ്ഞ് അനുകൂലമായ തുടർ നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. ഇത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ എങ്ങനെ നശിപ്പിക്കുമെന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അറ്റ നിക്ഷേപം 20,000 കോടി രൂപയായിരുന്നത് 68,000 കോടി രൂപയായി വർദ്ധിപ്പിച്ച അവസരത്തിൽ ഈ നിക്ഷേപം കൊള്ളയടിക്കുന്നതിനുള്ള നിയമപരമായുള്ള ഒരു മറയാണ് ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിന്റെ ഈ നിയമം. ഇത് മറ്റ് സ്റ്റേറ്റുകളിലൊന്നുമില്ല. മറ്റ് സ്റ്റേറ്റുകളിൽ സഹകരണ സംഘങ്ങളൊന്നും കാര്യമായിട്ടില്ല അതുകൊണ്ട് ലാഭവിഹിതം കിട്ടാനുമില്ല. ഇത് കേരളത്തിൽ മാത്രമേയുള്ളു. അതുകൊണ്ട് ഇത് അന്യായമാണെന്ന് മാത്രമല്ല, നികുതി കൊള്ളയെന്നാണ് ഞാൻ വിളിക്കുന്നത്. ഇത് പൈറസിയാണ്, സഹകരണ മേഖലയെ പൈറേറ്റുകളെപ്പോലെ നശിപ്പിക്കുകയാണ്. സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റ് കൊള്ളക്കാരുടെ ഗവൺമെന്റാകുന്നത് ശരിയല്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കേണ്ട ആൾ തന്നെ ഇവിടെ ശിക്ഷകനാവുകയാണ്. അത് ഒരിക്കലും ശരിയല്ല. കേന്ദ്രഗവൺമെന്റിനെതിരെ രോഷമുണ്ടാകുമെന്നു മാത്രമല്ല ഇതിൽനിന്നും കേന്ദ്ര ഗവൺമെന്റ് പിന്തിരിയതന്നെ വേണം. സംസ്ഥാനത്തെ സഹകരണമേഖല ഇത് സമ്മതിക്കുകയില്ല എന്നുമാത്രമല്ല കേന്ദ്ര ഗവൺമെന്റിന്റെ പുതിയരീതിയിലുള്ള ആക്രമണങ്ങളിൽനിന്നും രക്ഷപ്പെടുത്തത്തക്കതരത്തിലുള്ള ഒരു സഹകരണമേഖല യായി മാറ്റിയെടുക്കുന്നകാര്യം സംസ്ഥാന ഗവൺമെന്റ് ആലോചിക്കേണ്ടിവരും. സഹകരണ പ്രസ്ഥാനം കേന്ദ്ര ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ സ്ഥാപി ച്ചതല്ല നേരെമറിച്ച് ജനങ്ങൾ സ്ഥാപിച്ചതാണ്. സ്ഥാപിച്ചതിനുശേഷമാണ് രജിസ്ട്രേഷൻ നൽകിയത്. കേന്ദ്രഗവൺമെന്റിന് ഒരു കാര്യവുമില്ല. പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് ഒരു നയാപൈസയുണ്ടോ; അവർക്ക് എന്ത് കാര്യ മാണ്. സംസ്ഥാനഗവൺമെന്റിന് ഒരു ചെറിയ ഷെയറേയുള്ളു. ഇത് സ്വയംപര്യാപ്ത മായ സ്ഥാപനങ്ങൾ നിയമസഭ പാസ്സാക്കുന്ന നിയമങ്ങളിലൂടെ കേന്ദ്ര -സംസ്ഥാന ഗവൺമെന്റുകൾ ചെയ്യേണ്ട നല്ല കാര്യങ്ങൾ അവരുടെ കൈയിൽ പണം ഇല്ലാത്തതുകൊണ്ട് നിയമപരമായി ചെയ്യിക്കാനുള്ള ഏറ്റവും ഉജ്ജ്വലമായ ഒരു സംവിധാനമാണ് കോ-ഓപ്പറേറ്റീവ്സ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന് അത് മനസ്സിലായെങ്കിലും ശ്രീ. പ്രണാബ്കുമാർ മുഖർജിക്കും ശ്രീ. മൻമോഹൻസിംഗിനും മനസ്സിലാകുന്നില്ല. അതുകൊണ്ട് ഇത് പിൻവലിക്കണം. ഇത് എല്ലാവരുടേയും ആവശ്യമാണ്. അദ്ദേഹത്തിന്റെ കാളിംഗ് അറ്റൻഷനിലെ കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്ന് ഞാൻ ഇവിടെ പറയുകയാണ്.

ശ്രീ. എം. എം. മോനായി : സർ, കേരളത്തിലെ സഹകരണ മേഖല എൽ.ഡി.എഫും യു.ഡി.എഫും ഏതാണ്ട് സമാനമായിത്തന്നെ കൈകാര്യം ചെയ്യു ന്നതാണ്. കേരളത്തിൽ അപ്പെക്സ് സംഘങ്ങൾ എടുക്കുമ്പോൾ ഒരുപക്ഷേ എൽ. ഡി.എഫ്.-നേക്കാൾ കൂടുതൽ ഇന്ന് സംഘങ്ങളെ കൈകാര്യം ചെയ്യുന്നത് യു.ഡി.എഫ്- ആണ്. ആദരണീയനായ പ്രതിപക്ഷ നേതാവും ഇവിടെയുണ്ട്. ഒന്നര ശതമാനം മാർജിനിൽ ആണ് ഇപ്പോൾ എല്ലാ സംഘങ്ങളും പ്രവർത്തിക്കു ന്നത്. പക്ഷേ അതിന്റെകൂടെ ഭീമമായ ആദായ നികുതി കൂടി കൊടുക്കേണ്ടി വന്നാൽ വലിയ ബുദ്ധിമുട്ടുണ്ടാകും. 80 (പി) വകുപ്പ് എടുത്തു കളഞ്ഞിട്ടാണ് ഇപ്പോൾ പൊതുവേ 85, 86 വകുപ്പുകൾ നിർദ്ദിഷ്ട ഡയറക്ട് ടാക്സ് കോഡിൽ ചേർത്തിരിക്കുന്നത്. 86-ാം വകുപ്പ് വളരെ അപകടകരമാണ്. എന്റെ ചോദ്യം എന്താണെന്നു വച്ചാൽ, പഴയ 80 (പി) വകുപ്പ് നിലനിറുത്തുന്നതിനും 85, 86 വകുപ്പ് നിർദ്ദിഷ്ട ബില്ലിൽ നിന്ന് എടുത്തുകളയുന്നതിനും പ്രതിപക്ഷത്തിന്റെ കൂടി സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ഒരു സമവായമുണ്ടാക്കി അങ്ങ് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. സഹകരണം സംസ്ഥാന വിഷയമാണ്. അതിന് ഒന്നുകൂടി ഒരു പരിശ്രമം നടത്തിയശേഷവും അത് സാധ്യമാകുന്നില്ലെങ്കിൽ കേരളത്തിലെ സഹകരണ മേഖലയെ രക്ഷിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : കൺസ്യൂമർ സൊസൈറ്റീസിനേയും കൺസ്യൂമർ ഫെഡറേഷനേയും വാറ്റിൽനിന്ന് ഒഴിവാക്കിക്കൂടേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : ഈ ചോദ്യം പ്രത്യേകം ഉന്നയിച്ചുകൂടേ ? പ്രത്യേകം ഉന്നയിച്ചാൽ മതി. അപ്പോൾ അതിനെപ്പറ്റി പറയും.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : വാറ്റ് നിയമം അത് അംഗീകരിക്കുന്നില്ല. ഒരു സ്ഥാപനത്തേയും മാറ്റിനിറുത്തുവാൻ പറ്റുകയില്ല. അതാണ് അതിന്റെ പ്രത്യേകത.

ശ്രീ. ജി. സുധാകരൻ : അത് വേറൊരു സബ്മിഷനായി കൊണ്ടുവന്നാൽ മതി. ഒന്ന്, സമവായം ഉണ്ടാക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്,. തീർച്ചയായും ഇനിയും സമവായം ഉണ്ടാക്കാം. അതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം വൈദ്യനാഥൻ കമ്മിറ്റിയുടെ ശിപാർശകൾ പുനഃപരിശോധിക്കണമെന്നും ശിപാർശകളിൽ കേരള സാഹചര്യത്തിനനുസൃതമായ ഭേദഗതികൾ വരുത്തണമെന്ന് പറഞ്ഞ് മുഖ്യമന്ത്രിക്ക് അയച്ച ഫയലുകൾ എന്റെ കൈവശമുണ്ട്. അതുകൊണ്ട് ആരും ഇത് രാഷ്ട്രീയവത്കരിക്കരുത്. ആ നിലപാടാണ് ഈ ഗവൺമെന്റിനുള്ളത്. പിന്നീട്, അത് നടക്കാത്തപക്ഷം സംസ്ഥാന സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കുവാൻ എങ്ങനെ നമുക്ക് നിയമം ഉണ്ടാക്കാമെന്നതിനെക്കുറിച്ചും കേന്ദ്ര ഗവൺമെന്റിന്റെ മറ്റ് കാര്യങ്ങളിലൊന്നും ഇടപെടാത്തവിധം പുതിയ നിയമമുണ്ടാക്കുന്നതിനെക്കുറിച്ചും നമുക്ക് ചർച്ച ചെയ്യാവുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## V സബ്മിഷൻ

### 1. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. ജോർജ് മേഴ്സിയർ : സർ, കേരളത്തിലെ പത്ത് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ശോചനീയാവസ്ഥയിലും അക്കാഡമിക് നിലവാരത്തകർച്ചമൂലം വീർപ്പുമുട്ടലനുഭവിക്കുന്നതും കാരണം അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ഇംഗ്ലീഷ്, ജീവശാസ്ത്രം തുടങ്ങിയ വിഷയങ്ങൾക്ക് അദ്ധ്യാപക തസ്തികകളില്ലാത്ത സ്കൂളുകളുടെ നിലവാരം ഊഹിക്കാവുന്നതാണ്. ബോർഡിംഗ് സ്കൂളുകളിൽ മെയിൽ വാർഡൻ തസ്തിക സൃഷ്ടിക്കാത്തത് വിരോധാഭാസമാണ്. ഈ സ്കൂളുകളിൽ ഐച്ഛിക വിഷയമായി പഠിപ്പിക്കുന്ന ഫിഷറീസ് പേപ്പറിന്റെ സിലബസ് നാൽപ്പത് വർഷങ്ങൾക്കുമുമ്പേ തയ്യാറാക്കിയതാണ്. പ്രസ്തുത സ്കൂളുകളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ മതിയായ സംവരണവുമില്ല. ഈ സ്കൂളുകളിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) : സർ, നമ്മുടെ സംസ്ഥാനത്തെ തീരദേശ മേഖലയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയും അക്കാഡമിക് നിലവാരം ഉയർത്തുന്നതിനു വേണ്ടിയുമാണ് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly